# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78 — 03.12.2014 -ൽ മറുപടിക്ക്

## അട്ടപ്പാടി ഗോത്രവിഭാഗ ശിശുമരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി :<br>,, എ. കെ. ബാലൻ :<br>ശ്രീമതി. കെ. എസ്. സലീഖ :<br>ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം അട്ടപ്പാടി മേഖലയിൽ നടക്കുന്ന ഗോത്രവിഭാഗ ശിശുമരണങ്ങളുടെ കാരണം പഠിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ; | (എ) യൂണിസെഫ് ചെന്നൈ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻ ഹൈദരാബാദ് എന്നീ സ്ഥാപനങ്ങളിലെ വിദഗ്ദ്ധ സംഘം അട്ടപ്പാടി മേഖലയിൽ ആരോഗ്യസ്ഥാപനങ്ങൾ, അംഗനവാടികൾ, ഊരുകൾ എന്നിവ കേന്ദ്രീകരിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം നവജാത ശിശുക്കളിൽ ശരിയായ മുലയൂട്ടൽ രീതികളുടെ അഭാവം, ഗർഭകാല-ഗർഭ പൂർവ്വ പരിചരണത്തിലുള്ള പോരായ്മകൾ, കുഞ്ഞുങ്ങളുടെ പൂരകാഹാരത്തിനുള്ള പോരായ്മകൾ, വ്യക്തി ശുചിത്വമില്ലായ്മ തുടങ്ങിയവ പോഷകാഹാരക്കുറവിന് കാരണമായി കണ്ടെത്തുകയും ചെയ്തു. |
| (ബി) പ്രസ്തുത ശിശുമരണങ്ങൾ തടയാനായി ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | (ബി) ശിശു മരണങ്ങൾ തടയുന്നതിനായി നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി.<br><br>* അഗളി സാമൂഹിക ആരോഗ്യ കേന്ദ്രം, പി.എച്ച്.സി. പുതൂർ, പി.എച്ച്.സി ഷോളയൂർ എന്നിവിടങ്ങളിൽ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ എൻ.ആർ.എച്ച്.എം. മുഖാന്തിരം ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്ക് ഇൻഫന്റോമീറ്റർ, വെയിങ്ങ് മെഷീൻ തുടങ്ങിയ 1.38 ലക്ഷം രൂപയുടെ ഉപകരണങ്ങൾ എൻ.ആർ.എച്ച്.എം. മുഖാന്തിരം നൽകിയി ട്ടുണ്ട്. |

(.....2)

* കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ എസ്.എൻ.സി.യു. അഗളിയിലെ എൻ.ബി.എസ്.യു. എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 22.5 ലക്ഷം രൂപയുടെ ഉപകരണങ്ങൾ അനുവദിച്ചിട്ടുണ്ട്.

* നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടു കൂടി കേടുപാടായ എല്ലാ ഉപകേന്ദ്രങ്ങളും പുനരുദ്ധാരണം നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ഇതിനോടകം 15 സബ്സെന്ററുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 9 എണ്ണം പുരോഗമിക്കുകയും ചെയ്യുന്നു. പുതിയ സബ്സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

* അട്ടപ്പാടിയിൽ 24 സബ്സെന്ററുകളിലായി എൻ.ആർ.എച്ച്.എം. മുഖാന്തിരം ജെ.പി.എച്ച്.എൻ. മാരെ നിയമിക്കുകയുണ്ടായി. നവജാത ശിശു പരിചരണം (എൻ.എസ്.എസ്.കെ), ഗൃഹാധിഷ്ഠിത നവജാത ശിശു പരിചരണം (എച്ച്.ബി.എൻ.സി) തുടങ്ങിയവയിൽ അവർക്ക് പരിശീലനം നൽകുകയും ചെയ്തു .എല്ലാ ഗർഭിണികളുടെയും നവജാത ശിശുക്കളുടെയും ലിസ്റ്റ് തയ്യാറാക്കുകയും ആഴ്ചയിലൊരിക്കൽ ഉയരം, തൂക്കം, ബി.പി, ഹീമോഗ്ലോബിൻ തുടങ്ങിയവ മോണിട്ടർ ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

* അട്ടപ്പാടിയിലെ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി കോട്ടത്തറ, സാമൂഹിക ആരോഗ്യ കേന്ദ്രം അഗളി, പി.എച്ച്.സി. പുതൂർ എന്നിവിടങ്ങളിൽ ലാബുകൾ നവീകരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ബയോകെമിസ്ട്രി, അനലൈസർ, ഹെമറ്റോളജി അനലൈസർ, സെമി ഓട്ടോ അനലൈസർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ 22 ലക്ഷം രൂപ ചെലവാക്കി എൻ.എച്ച്.എം. മുഖേന നൽകിയിട്ടുണ്ട്.

(.....3)

| | | | |
|---|---|---|---|
| | | * | പി.എച്ച്.സി. ഷോളയൂർ, പുതൂർ, ആനക്കട്ടി എന്നീ സ്ഥാപനങ്ങളിൽ ഇ.സി.ജി. മെഷീനും, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗർഭിണികളുടെ സ്കാനിംഗിനായി യു.എസ്.ജി. കളർ ഡ്രോപ്ലർ എന്നിവ എൻ.എച്ച്.എം. മുഖേന നൽകിയിട്ടുണ്ട്. |
| | | * | സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വി.ജി.ഐ.എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു മോണിറ്ററിംഗ് സോഫ്റ്റ് വെയർ (ജാതക് / ജനനി) അട്ടപ്പാടിയിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | ആരോഗ്യവകുപ്പിന്റെ ഭാഗത്തു വീഴ്ചകൾ ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച പരിഹാര നടപടികൾ അറിയിക്കാമോ ? | (സി) | വീഴ്ച സംഭവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ